"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ശാസ്ത്ര സാങ്കേതിക വകുപ്പ്- സി-സ്റ്റെഡ് ജീവനക്കാരുടെ ഗ്രാറ്റുവിറ്റി തുകയുടെ പലിശ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 9928/2018, 10019/2019, 12262/2021, 16166/2021 എന്നിവയിലെ 04/03/2022 തീയതിയിലെ ബഹു ഹൈക്കോടതി സിംഗിൾ ജഡ്ജിയുടെ വിധിയും WA 1798/2022, WA 1800/2022, WA 1852/2022, WA 1921/2022 എന്നിവയിലെ 19.01.2023 തീയതിയിലെ ബഹു ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധിയും നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്

സ.ഉ.(സാധാ) നം.9/2025/S&TD തീയതി,തിരുവനന്തപുരം, 20-01-2025

---

പരാമർശം:-

1. 28.04.2008 തീയതിയിലെ സ.ഉ. (കൈ) നം. 3/2008/എസ് & റ്റി.ഡി.
2. 11.01.2020 തീയതിയിലെ സ.ഉ. (കൈ) നം. 3/2020-എസ് & റ്റി.ഡി.
3. 30/10/2019 തീയതിയിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം.
4. 30/07/2020 തീയതിയിലെ C-STED/I-399/2020/D-336 നമ്പർ RIAB റിപ്പോർട്ട്.
5. 26.02.2021 തീയതിയിലെ സ.ഉ.(കൈ) 9/2021/S&TD ഉത്തരവ്.
6. 03.07.2022 തീയതിയിലെ സ.ഉ.(കൈ) നമ്പർ 6/2022/S&TD ഉത്തരവ്.
7. ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജികൾ 9928/2018,10019/2019,12262/2021,16166/2021 എന്നിവ തീർപ്പാക്കിക്കൊണ്ട് സിംഗിൾ ജഡ്ജി 04/03/2022 തീയതിയിലെ ഉത്തരവ്.
8 ഗ്രാറ്റുവിറ്റി തുക കണകാക്കി കൊണ്ടുള്ള 03/01/2023 തീയതിയിലെ DCKKD/7979/2022-N1 നമ്പർ റിപ്പോർട്ട്.
9. WA 1798/2022, WA 1800/2022, WA 1852/2022, WA 1921/2022 എന്നിവയിൽ 19.01.2023 തീയതിയിലെ ബഹു ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച ഉത്തരവ്.
10. എസ്എൽപി നമ്പർ 13988-13991/2023 ലെ ബഹു. സുപ്രീം കോടതിയുടെ

09.04.2024 ലെ വിധി.

11. അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ നിന്നുള്ള 29/10/2024 തീയതിയിലെ S2.WA 1798/2022 നമ്പർ കത്ത് പ്രകാരമുള്ള നിയമോപദേശം.

12. സി-സ്റ്റെഡ് ജീവനക്കാർ ഫയൽ ചെയ്ത CoC (C)920/2022, CoC (C) 1173/2022, CoC (C) 1108/2022, CoC (C) 2911/2024 CoC(C) 2913/2024.

13. 17.12.2024 തീയതിയിലെ GO(Rt) No. 9359/Fin നമ്പർ ഉത്തരവ്.

ഉത്തരവ്

കേന്ദ്ര സർക്കാർ സ്പോൺസർ ചെയ്തിരുന്ന നാഷണൽ സയൻസ് ആൻഡ് ടെക്നോളജി എൻട്രിപ്രണർഷിപ്പ് ഡെവലപ്മെന്റ് പദ്ധതി കാലാവധി കഴിഞ്ഞപ്പോൾ, സർക്കാരിന് സാമ്പത്തിക പ്രതിബദ്ധത ഉണ്ടാകില്ലെന്ന വ്യവസ്ഥയിൽ ഒരു സ്വയംഭരണ സ്ഥാപനമായി പ്രവർത്തിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകുകയും തുടർന്ന് പരാമർശം 1 പ്രകാരം സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, 1860 ലെ വ്യവസ്ഥകൾ പ്രകാരം സെന്റർ ഫോർ ഡെവലപ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ് ഇൻ സയൻസ് ആൻഡ് ടെക്നോളജി (സി സ്റ്റെഡ്) എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിക്കുകയും ചെയ്തു.

2) സി സ്റ്റെഡിന്റെ സാമ്പത്തികസ്ഥിതി മോശമായതിനാൽ കോഴിക്കോട് ഹെഡ് ഓഫീസ് ഒഴികെയുള്ള മറ്റെല്ലാ ജില്ലാ ഓഫീസുകളും ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം പിരിച്ചുവിട്ടു. പിരിച്ചുവിട്ട സമയത്ത്, സി സ്റ്റെഡ് പ്രവർത്തനം പുരോഗമനപരമല്ലാത്തതിനാൽ വിരമിച്ച/പിരിച്ചുവിട്ട അല്ലെങ്കിൽ നിലനിർത്തിയ ജീവനക്കാരുടെ ശമ്പളം, മറ്റാനുകൂല്യങ്ങൾ മുതലായവ നൽകാൻ മാർഗ്ഗമില്ലായെന്ന് സി സ്റ്റെഡ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. സി സ്റ്റെഡ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പരാമർശം 3 പ്രകാരം നടത്തിയ യോഗത്തിൽ ജീവനക്കാർക്ക് വേതന കുടിശ്ശികയും സെവറൻസ് പാക്കേജും നൽകാൻ തീരുമാനിച്ചു. ഡയറക്ടർ റിപ്പോർട്ട് ചെയ്ത പ്രകാരം വേതന കുടിശ്ശികയും സെവറൻസ് പാക്കേജും സ്വീകരിച്ച് സ്ഥാപനത്തിൽ നിന്ന് പിരിഞ്ഞു പോകാൻ തയ്യാറാണെന്ന ജീവനക്കാരുടെ സമ്മതത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഈ നിലപാട് സ്വീകരിച്ചത്. സി സ്റ്റെഡ് ന്റെ ആസ്തിയും ബാധ്യതകളും കണക്കാക്കാൻ RIAB നെ ചുമതലപ്പെടുത്തി.തുടർന്ന് പരാമർശം 4 പ്രകാരം RIAB സി സ്റ്റെഡിന്റെ ആസ്തി 244283/- രൂപയും സി സ്റ്റെഡ്ന്റെ ബാധ്യതകൾ 7,93,62,870/- രൂപയുമാണെന്ന് കണക്കാക്കി.

3) 28/03/2021 ലെ GO (Rt) നമ്പർ 3082/2021/Fin അനുസരിച്ച് ധനകാര്യ വകുപ്പ് 41414000

രൂപ അനുവദിച്ചിരുന്നു. 4694/2022/Fin തീയതി 28/06/2022 ധനകാര്യ വകുപ്പ് വീണ്ടും 37609000/- രൂപയും അനുവദിച്ചു. പ്രസ്തുത ഉത്തരവുകൾക്ക് അനുസൃതമായി, ശാസ്ത്ര സാങ്കേതിക വകുപ്പ് പരാമർശം 5 പ്രകാരം Rs. 414.14 ലക്ഷം രൂപയും പരാമർശം 6 പ്രകാരം Rs.3,76,08,975/- രൂപയും സി സ്റ്റെഡ് ജീവനക്കാർക്കുള്ള ശമ്പളം, കുടിശ്ശിക, സെവറൻസ് പാക്കേജ് എന്നിവയ്ക്കായി അനുവദിച്ചു.

4) തങ്ങളുടെ വേതനത്തിന്റെയും മറ്റ് അലവൻസുകളുടെയും കുടിശ്ശിക ലഭിക്കുന്നതിനായി സി സ്റ്റെഡ് ജീവനക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിരവധി റിട്ട് ഹർജികൾ ഫയൽ ചെയ്തിരുന്നു. ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജികൾ 9928/2018,10019/2019,12262/2021,16166/2021 എന്നിവ തീർപ്പാക്കിക്കൊണ്ട് ബഹു.ഹൈക്കോടതി പരാമർശം 7 പ്രകാരം ഉത്തരവിട്ടു. ഉത്തരവിന്റെ പ്രസക്ത ഭാഗം താഴെ പറയും പ്രകാരം ആയിരുന്നു.

*"The Government shall pay the entire arrears payable to the petitioners including several allowance, charges and such other benefits as may be found to be admissible to them.*

*The gratuity amounts due to the petitioners shall carry statutory interest from the date of default till payment".*

5) ഈ തീരുമാനത്തിനെതിരെ സർക്കാർ റിട്ട് അപ്പീൽ നമ്പർ WA 1798/2022, WA 1800/2022, WA 1852/2022, WA 1921/2022 എന്നിവ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തു. ആയതിൽ പരാമർശം 9 അനുസരിച്ച് 19.01.2023 തീയതിയിലെ ബഹു ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ചുവടെ ചേർക്കും പ്രകാരം ഉത്തരവിട്ടു.

*"It is pertinent to note that in the instant case admittedly the gratuity amounts were in fact paid by the Government to the respondents. In as much as, the Government took up the responsibility to pay the gratuity and in fact paid the amount, the liability for paying statutory interest for the delay in making such payment must also be fastened on the Government. It is for the Government to pay the statutory interest to the respondents herein who have been agitating for the amounts due to a them opt and then to recover it from the C-STED, if so advised. We feel that in the interests of justice the direction to pay interest on gratuity requires no interference in the instant case.*

*As the question of liability of the Government to pay gratuity though it is not the employer was not considered by the learned singe Judge as it was not raised, we are not considering the said legal question and it is left open. We direct the appellants to pay the interest on the gratuity amounts paid to the respondents within four months' from the date of a receipt of a copy of this judgment. The writ appeals are disposed as above."*

6) തൊഴിലുടമ-തൊഴിലാളി ബന്ധത്തെ മുൻ കേസുകളിലോ നടപടികളിലോ സർക്കാർ ഉന്നയിച്ചിട്ടില്ലാത്തതിനാൽ ഡിവിഷൻ ബെഞ്ച് ആയത് കണക്കിലെടുക്കാതെയാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതെന്നും ഈ വാദം ഭാവിയിലെ വ്യവഹാരത്തിനായി തുറന്നിരിക്കുന്നതായും കോടതി അഭിപ്രായപ്പെട്ടു. 19/01/2023 തീയതിയിലെ വിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ എസ്എൽപി ഫയൽ ചെയ്തു.ബഹു. സുപ്രീം കോടതി പരാമർശം 10 പ്രകാരം 09.04.2024 ന് സർക്കാർ സമർപ്പിച്ച സ്പെഷ്യൽ ലീവ് പെറ്റീഷൻ തള്ളുകയും അതുവഴി ഹൈക്കോടതിയുടെ തീരുമാനങ്ങൾ ശരിവെക്കുകയും എസ്എൽപി തീർപ്പാക്കുകയും ചെയ്തു.

7) തൊഴിലാളി-തൊഴിലുടമ ബന്ധം സർക്കാരും സി-സ്റ്റെഡ് ജീവനക്കാരുമായി നിലനിൽക്കുന്നില്ല എന്ന വാദം മുൻ നിർത്തി കൊണ്ട് സർക്കാരിന് ഒരു പുതിയ റിട്ട് ഹർജിയോ പുനഃപരിശോധനാ ഹർജിയോ ഫയൽ ചെയ്യാൻ കഴിയുമോ എന്നതിനെക്കുറിച്ച് സർക്കാർ നിയമോപദേശം അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചു. അഡ്വക്കേറ്റ് ജനറൽ പരാമർശം 11 പ്രകാരം നിയമോപദേശം ലഭ്യമാക്കി. നിയമോപദേശത്തിന്റെ പ്രസക്ത ഭാഗം താഴെ ചേർക്കുന്നു.

*'W.P.(C) Nos. 9928/2018, 10019/2019, 12262/2021, 16166/2021 were allowed by common Judgment dated 04.03.2022 by the learned Single Judge holding that the Government resolved to dissolve C-STED and authorise the C-STED directing to take necessary action. It was resolved to pay the arrears of salary including several packages to the employees. As per G.O. dated 26.02.2021, the Government sanctioned 414.14 Lakhs for payment of arrears to the various employees who were terminated. The Government was directed to pay the arrears payable to the petitioners including several allowances, charges and such other benefits as may be found to be admissible to them. The learned Single Judge declared that the gratuity due to the petitioner shall carries statutory interest from the date of entitlement till payment. The challenge against the above Judgment in Writ Appeal No. 1852/2022 and Connected Cases repelled by Judgment*

*dated 19.01.2023 by the Division Bench holding that admittedly the gratuity amounts were in fact paid by the Government to the respondents. And as much as, the Government took up the responsibility to pay the gratuity and in fact paid the amount. Therefore, the liability for paying statutory interest for the delay in making such payment must also be fastened on the Government. It is for the Government to pay the statutory interest to the respondents herein who have been agitating for the amounts due to them opt and then to recover it from the C-STED, if so advised.*

*Accordingly, the Division Bench did not interfere with the direction to pay the interest on gratuity. The Division Bench specifically held that as the question of liability of the Government to pay gratuity though it is not the employer was not considered by the learned Single Judge as it was not raised, the Division Bench is also not considering the said legal question and it is left open. The Judgment of the Division Bench challenged before the Honourable Supreme Court in SLP (C) No. 13988-13991/2023. The above SLP was dismissed by Order dated 9.04.2024. The Ex Officio Principal Secretary to Government, Science and Technology (A) Department issued letter dated 12.07.2024 and taken the stand that as per the Memorandum of Association for the C-STED, a Society formed under Societies Registration Act, 1860 the society is the employer of C-STED employees. C-STED have no employee-employer relationship with Government. As per the Preamble Clause 1 (iii) of MOA, the societies liabilities will be limited to the society and Government have no responsibility to pay the liability of the society. As per the MOA of C-STED Clause 14 (t) it is the duty of the Governing Council to provide for the pay, Dearness Allowance, Provident Fund, leave and pension contribution, remuneration etc. of the paid employees and contribute for their general welfare.However, it is admitted that taking a lenient view in the matter the Government had already provided a total amount. of Rs.7,90,22,975/- for meeting the liability of the society namely, C-STED. Since the liability was taken over by the Government, the learned Single Judge directed to pay the amount by the Government. Either before the learned Single Judge or before the Division Bench the above contentions are not raised. The issue is concluded by the Division Bench and the SLP preferred before the Honourable Supreme Court was dismissed. Therefore, it is opined that there is no scope for filing Review Petition before the Hon'ble Supreme Court. Since the issue was agitated before the Hon''ble High Court in the Writ*

*Petition and Writ Appeal no Writ Petition can be filed by the Government as it will be an abuse of the process of the Court. At any point of time, the issue regarding the employee-employer' relationship between the Government and employees of the society was not raised and the learned Single Judge issued directions without considering the same. The Judgment of the learned Single Judge is merged with the Division Bench Judgment and the same was upheld by the Hon'ble Supreme Court in SLP. Therefore, it is stated that there is no scope for filing Writ Petition as requested in the letter dated 12.07.2024 .'*

8) മേൽ സാഹചര്യത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സർക്കാരും സി-സ്റ്റെഡ് ജീവനക്കാരുമായി തൊഴിലാളി-തൊഴിലുടമ ബന്ധം നിലനിൽക്കുന്നില്ലെങ്കിലും ബഹു. ഹൈക്കോടതിയുടെയും ബഹു. സുപ്രീം കോടതിയുടെയും വിധിന്യായങ്ങളുടെ അടിസ്ഥാനത്തിലും അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലും സി-സ്റ്റെഡ് ഡയറക്ടർ ഇൻ-ചാർജായ ജില്ലാ കളക്ടർ, കോഴിക്കോട് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാർക്ക് ഗ്രാറ്റുവിറ്റി തുകയുടെ പലിശ വിതരണം ചെയ്യുന്നതിനായി 53,52,627/- രൂപ 3425-60-200-47-00 CSTED (NC), എന്ന ശീർഷകത്തിൽ നിന്ന് ഡയറക്ടർ ഇൻ ചാർജ്ജ്, സി-സ്റ്റെഡ് (ജില്ലാ കളക്ടർ, കോഴിക്കോട്) അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

സി-സ്റ്റെഡ് ജീവനക്കാരുടെ ഗ്രാറ്റ്യുവിറ്റി തുകയുടെ പലിശ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 9928/2018, 10019/2019, 12262/2021, 16166/2021 എന്നിവയിലെ 04/03/2022 തീയതിയിലെ ബഹു ഹൈക്കോടതി സിംഗിൾ ജഡ്ജിയുടെ വിധിയും WA 1798/2022, WA 1800/2022, WA 1852/2022, WA 1921/2022 എന്നിവയിലെ 19.01.2023 തീയതിയിലെ ബഹു ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധിയും ഇതിനാൽ പാലിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രൊഫ.ഡോ.കെ.പി സുധീർ
എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ ഇൻ ചാർജ്ജ്, സി-സ്റ്റെഡ് (ജില്ലാ കളക്ടർ, കോഴിക്കോട്).
ബന്ധപ്പെട്ടവർക്ക്(ഡയറക്ടർ ഇൻ ചാർജ്ജ്, സി-സ്റ്റെഡ് മുഖേന)
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
വിവരപൊതുജന സമ്പർക്ക വകുപ്പ്. (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യ വകുപ്പ് 21/12/2024 തീയതിയിലെ [477313/PU-C4/94/2017-Fin] നമ്പർ പ്രകാരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Feros Khan S

Date: 21-01-2025 11:12:58

സെക്ഷൻ ഓഫീസർ

പകർപ്പ്- ശാസ്ത്ര സാങ്കേതിക വകുപ്പ്, എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

ശാസ്ത്ര സാങ്കേതിക വകുപ്പ്, അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്